

■ വനിതാ ചെസ്

# ഡോ. നിമ്മി എ ജോർജ് വുമൺ ഇന്റർനാഷണൽ മാസ്റ്റർ

ആലുവ

വനിതാ ചെസ് താരം ഡോ. നിമ്മി എ ജോർജിന് വുമൺ ഇന്റർനാഷണൽ മാസ്റ്റർ (ഡബ്ല്യുഐഎം) ലഭിച്ചു. കേരളത്തിൽനിന്ന് ആദ്യമായാണ് ഒരു വനിതയ്ക്ക് ഡബ്ല്യുഐഎം ലഭിക്കുന്നത്. ഈ കേരള താരം നിരവധി അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. 2021ൽ ഗ്രീസിൽ നടന്ന ലോക അമേച്വർ വനിതാ ചെസ് മത്സരത്തിൽ രാജ്യത്തെ പ്രതിനിധാനംചെയ്ത് വെള്ളിമെഡൽ നേടി.

**കേരളത്തിൽനിന്ന് ആദ്യമായാണ് ഒരു വനിതയ്ക്ക് ഡബ്ല്യുഐഎം ലഭിക്കുന്നത്**

തൃക്കാക്കര ഭാരതമാതാ കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ആലുവ ദേശം അറയ്ക്കപറമ്പിൽ റിട്ട. പ്രൊഫ. ജോർജ് ജോണിന്റെയും ലാലിയുടെയും മകളാണ്.

ദേശാഭിമാനി 18/8/23